(ബി) സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല (EWS)/താഴ്ന്ന വരുമാന വിഭാഗ (LIG)-ത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/ എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയായ ഗൃഹശ്രീ ഭവന പദ്ധതി ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു. ബോർഡ് നിഷ്കർഷിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ദുർബല/താഴ്ന്ന വരുമാനം വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ 1 ലക്ഷം രൂപയും അവരെ സ്പോൺസർ ചെയ്യുന്ന സന്നദ്ധ സംഘടന/ എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവർ 1 ലക്ഷം രൂപയും ഈ പദ്ധതിയിൽ നിക്ഷേപിക്കേണ്ടതാണ്. നിർമ്മാണ പുരോഗതി കണക്കിലെടുത്ത് ഈ 4 ലക്ഷം രൂപ 4 ഗഡുക്കളിലായി ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതാണ്. സ്പോൺസർ മുഖേനയാണ് ഗുണഭോക്താവ് ബോർഡിൽ അപേക്ഷ സമർപ്പിക്കേണ്ടത്.

(സി) ശ്രീ. മണിക്കുട്ടൻ എം. ബി. മന്നത്തുവീട്, കുന്നുമ്മ ഈസ്റ്റ് കാവാലം പി. ഒ. കുട്ടനാട് എന്ന വ്യക്തിക്കുവേണ്ടി ശ്രീ. കെ. കെ. അരവിന്ദാക്ഷൻ സ്പോൺസറായി നൽകിയ അപേക്ഷ 24-11-2014 ലാണ് ബോർഡിന് ലഭിച്ചിട്ടുള്ളത്. ഗൃഹശ്രീ ഭവന പദ്ധതി നടപ്പിലാക്കുന്നതിന് 2014-15 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുക ബോർഡിന് ലഭ്യമാക്കുന്ന മുറയ്ക്ക് 2014-15 സാമ്പത്തിക വർഷത്തിൽ ലഭിച്ച അപേക്ഷകൾ പരിഗണനയ്ക്ക് വിധേയമാക്കുന്നതാണ്.

ചാലക്കുടിയിൽ വ്യാപാര സമുച്ചയം

208 (2446) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ഹൗസിംഗ് ബോർഡിന്റെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് ഒരു വ്യാപാര സമുച്ചയം നിർമ്മിക്കുന്നതിനായുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) വ്യാപാര സമുച്ചയത്തിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനായുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ചാലക്കുടിയിൽ ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 5 നിലകളുള്ള ഒരു കൊമേഴ്യൽ കോംപ്ലക്സ് പാരസ്പര്യം മാതൃകയിൽ നടപ്പിലാക്കുന്നതിനുള്ള പദ്ധതി രൂപകൽപ്പന ചെയ്തിട്ടുണ്ട്. പാരസ്പര്യം മാതൃകയിൽ പദ്ധതി നടപ്പിലാക്കുന്നതിന് (ഉപഭോക്താക്കളിൽ നിന്നും വിൽപ്പന വില നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ മുൻകൂറായി ശേഖരിച്ചുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതി) മതിയായ ഉപഭോക്താക്കളെ ഉറപ്പാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

എമർജിംഗ് കേരള

209 (2447) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എമർജിംഗ് കേരളയുടെ ഭാഗമായി ധാരണാപത്രത്തിൽ ഒപ്പുവച്ച ഏതെല്ലാം കമ്പനികളാണ് നിർമ്മാണ പ്രവർത്തനം ആരംഭിച്ചത്;

(ബി) നിർമ്മാണ പ്രവർത്തനം ആരംഭിച്ച കമ്പനികൾ എത്ര കോടി രൂപ വീതം മുതൽ മുടക്കാനാണ് പദ്ധതി ?

ഉത്തരം

(എ&ബി) എമർജിംഗ് കേരളയുടെ ഭാഗമായി താഴെപ്പറയുന്ന രണ്ട് പദ്ധതികൾക്കാണ് ധാരണാപത്രം ഒപ്പുവച്ചത്.

1. Capacity expansion of Refinery Plant and setting up of petrochemical plant at Kochi by BPCL

   12,000 കോടിയുടെ നിക്ഷേപം പ്രതീക്ഷിക്കുന്ന പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

2. Implementation of Advanced Diploma course in Automotive Mechatronics (ADAM) course at Govt. Engineering College, Barton Hill, Thiruvananthapuram

   ഒരു കോടി രൂപയുടെ നിക്ഷേപമുള്ളതാണ് പ്രസ്തുത പദ്ധതി/കോഴ്സ്, ഇതിന്റെ ആദ്യ ബാച്ചിന്റെ ഉദ്ഘാടനം 2014 ജനുവരി 24-ന് നിർവ്വഹിച്ചു.